വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ഗവൺമെന്റ് ഓറലായിട്ട് പ്രത്യേക ഇൻസ്ട്രക്ഷൻസ് ഒന്നും കൊടുത്തിട്ടില്ല. അക്കാഡമിയുടെ പ്രാഥമികമായ പ്രവർത്തനങ്ങൾക്കു വേണ്ടി സഹകരണ സംഘങ്ങളിലെ കോമൺഗുഡ്സ് ഫണ്ടിൽനിന്നും ഒരു നിശ്ചിത ശതമാനം സംഭാവനയായി നൽകാമെന്ന നിലയിലുള്ള വ്യവസ്ഥ അനുസരിച്ചാകാമെന്ന സാങ്ഷൻ കൊടുത്തിരുന്നു. അതിനെ ചോദ്യം ചെയ്തുകൊണ്ട് കേരളാ കോ-ഓപ്പറേറ്റീവ് കോൺഗ്രസ്സ് ഫ്രണ്ടസ് എന്നു പറയുന്ന സംഘടനയുടെ ഭാരവാഹികൾ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയെ സമീപിച്ചിരുന്നു. ഹൈക്കോടതിയെ സമീപിച്ചതിനെ തുടർന്ന് ഇപ്രകാരം കോമൺഗുഡ്സ് ഫണ്ടിൽ നിന്നും ആകാമെന്നായി. പക്ഷെ കോമൺ ഗുഡ്സ് ഫണ്ടിൽ നിന്നും കൊടുക്കുമ്പോൾ വരുന്ന വർഷങ്ങൾ കണക്കാക്കി റീക്കൂപ്പ് ചെയ്യാമെന്ന് കണ്ടിരുന്നു. അത് ഒഴിവാക്കണമെന്ന് കോടതി നിർദ്ദേശിക്കുകയും അത് അനുസരിച്ച് ഒഴിവാക്കിക്കൊണ്ടുള്ള നിലപാട് പിന്നീട് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അക്കാഡമിക്ക് വേണ്ടതായ പണം സ്വരൂപിക്കുവാൻ ആഗ്രഹിക്കുന്നത്, സഹകരണ മേഖലയിലെ സർപ്ലസ് ഫണ്ട് പ്രത്യേകമായി ഒരു സമ്പാദ്യ പദ്ധതിയിൽ നിക്ഷേപിച്ചതിനുശേഷം നിക്ഷേപിക്കുന്ന തുക അതായത്, ഇന്ദിരാ വികാസ് പത്രികയിൽ നിക്ഷേപിച്ചാൽ കിട്ടുന്ന ഗ്രാന്റുപോലെ കിട്ടാവുന്ന ഒരു തുക ലഭ്യമാക്കുന്ന സംവിധാനത്തിന് സംസ്ഥാന മന്ത്രിസഭ ഇന്നലെ അംഗീകാരം നൽകി കഴിഞ്ഞു. അപ്പോൾ സഹകാരികളെ സംബന്ധിച്ചിടത്തോളം അവർ നിക്ഷേപിക്കുന്ന തുകയ്ക്ക് പൂർണ്ണ സംരക്ഷണം ഉറപ്പാക്കിക്കൊണ്ടും അതേ അവസരത്തിൽ ഇന്ദിരാ വികാസ് പത്രികയിൽ സ്വീകരിച്ചിട്ടുള്ളതുപോലെ നിക്ഷേപത്തിന്റെ ആനുപാതികമായ ഒരു ശതമാനം ഗ്രാന്റായിട്ട് നിക്ഷേപകർക്ക് കൊടുക്കുന്നതുപോലെ, സഹകരണ അക്കാഡമിക്ക് ഗ്രാന്റായിട്ട് കൈമാറിക്കൊണ്ട് ഈ അക്കാഡമിയുടെ പ്രവർത്തനത്തെ ഭാവിയിൽ എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിനും മെഡിക്കൽ വിദ്യാഭ്യാസത്തിനുമായി വിനിയോഗിക്കണമെന്നുള്ളതാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതുകൊണ്ട് നേരത്തെ കണ്ടിരുന്ന പ്രശ്നം ദൂരീകരിക്കപ്പെട്ടിരിക്കുന്നു.

(32) ചാലക്കുടി റിവർ ഡൈവർഷൻ സ്കീം

ശ്രീ. പി. ജെ. ജോയി : സർ, ബഹുമാനപ്പെട്ട വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രിയടക്കം ഞാൻ ഉൾപ്പെടെയുള്ള ഏഴ് എം.എൽ.എ മാരെ ബാധിക്കുന്ന പൊതു വിഷയമാണ് ഞാൻ ഉന്നയിക്കുന്നത്. ചാലക്കുടി റിവർ ഡൈവർഷൻ സ്കീം എറണാകുളം, തൃശ്ശൂർ ജില്ലകളിലെ വിവിധ പ്രദേശങ്ങളിൽ ജലസേചന സൗകര്യം ഒരുക്കിക്കൊടുക്കുന്ന ഒരു പദ്ധതിയാണ്. അന്തർ സംസ്ഥാന നദീജല കരാർ ലംഘനം തമിഴ്നാട് നടത്തിയതുമൂലം തമിഴ്നാട് ഗവൺമെന്റ് തരേണ്ട വെള്ളം ഇപ്പോൾ സുലഭമായി തരുന്നില്ല. എന്തോ ഒരു ചർച്ച ഏപ്രിൽ മാസം 6-ാം തീയതി വയ്ക്കുന്നുണ്ടെന്ന് കേൾക്കുന്നുണ്ട്. ആ ചർച്ച തീരുന്നതുവരെ കാത്തു നിൽക്കുവാൻ കഴിയാത്ത സാഹചര്യം നില നിൽക്കുകയാണ്. പെരിങ്ങൽക്കുത്ത് ഡാമിൽ 9 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിച്ചിരുന്ന സമയത്ത് സുലഭമായി വെള്ളം ലഭിക്കുമായിരുന്നു. ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അവിടെ വൈദ്യുതി ഉൽപ്പാദനം 4 മെഗാവാട്ടായി കുറച്ചിരിക്കുകയാണ്. അവിടെ ഒന്നുകിൽ വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിച്ചുകൊണ്ട് വെള്ളം സുലഭമായി ലഭ്യമാക്കാനോ അതല്ലെങ്കിൽ വെള്ളം നേരിട്ട് തുറന്നു വിട്ടുകൊണ്ട് കർഷകർക്കും മറ്റു പൊതുജനങ്ങൾക്കുമുള്ള പ്രയാസം പരിഹരിക്കുവാനോ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, പെരിങ്ങൽക്കുത്ത് നിലയത്തിലെ വൈദ്യുതി ഉല്പാദനം ഷോളയാർ വൈദ്യുതി നിലയത്തിലെ ഉല്പാദനവുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. ഷോളയാറിലെ ഉല്പാദനത്തിനുശേഷം പുറത്തുവരുന്ന വെള്ളം പെരിങ്ങൽക്കുത്ത് റിസർവോറിൽ വിടുന്നു. 28-3-2000-ത്തിൽ പെരിങ്ങൽക്കുത്ത് റിസർവോയറിലെ സ്റ്റോറേജ് 5.17 മില്യൺ ക്യൂബിക് മീറ്ററും ഷോളയാർ റിസർവോയറിലെ സ്റ്റോറേജ് 17.90 മില്യൺ ക്യൂബിക് മീറ്ററുമാണ്. ഈ കണക്ക് പ്രകാരം 1-6-2000-വരെ പെരിങ്ങൽക്കുത്തിൽ വൈദ്യുതി ഉല്പാദനത്തിനായി ഉപയോഗിക്കാവുന്ന ജലം 23.07 മില്യൺ ക്യൂബിക് മീറ്ററാണ്. മൺസൂൺ വർഷം ജൂൺ മാസത്തിൽ തുടങ്ങുമെന്ന് കണക്കാക്കി ജൂൺ മാസം 1-ാം തീയതിവരെ വൈദ്യുതി ഉല്പാദനത്തിന് പ്രതിദിനം. 0.36 മില്യൺ ക്യൂബിക് മീറ്റർ എന്ന കണക്കിൽ ജലവിനിയോഗം ക്രമപ്പെടുത്തേണ്ടതായിട്ടാണിരിക്കുന്നത്. പെരിങ്ങൽക്കുത്തിൽ പ്രതിദിനം 9 മെഗാവാട്ട് വൈദ്യുതി ഉല്പാദനത്തിനുവേണ്ട ജലവിനിയോഗം ഇപ്പോൾ 0.61 മില്യൺ ക്യൂബിക് മീറ്ററാണ്. അങ്ങനെ വന്നാൽ രണ്ട് സംഭരണികളിലും കൂടിയുള്ള ജലം 37 ദിവസത്തെ (4-5-2000 വരെ) വൈദ്യുതി ഉൽപാദനത്തിനു മാത്രമേ മതിയാകുകയുള്ളൂ. ചാലക്കുടി ബേസിലുള്ള ജലക്ഷാമം കണക്കിലെടുത്ത് ഇപ്പോൾ 0.48 മില്യൺ ക്യൂബിക് മീറ്റർ ജലം ഉപയോഗിച്ചുള്ള ഉല്പാദനമാണ് പെരിങ്ങൽക്കുത്തിൽ നടക്കുന്നത്. ഏപ്രിൽ മാസം 1-ാം തീയതിക്കുശേഷം ഇതു 0.36 മില്യൺ ക്യൂബിക് മീറ്ററായി കുറയ്ക്കേണ്ടിയിരിക്കുന്നു. മതിയായ വേനൽമഴ ലഭിച്ചില്ലെങ്കിൽ തമിഴ്നാട്ടിൽനിന്നും കൂടുതൽ ജലം ഷോളയാർ റിസർവോയറിൽ കിട്ടിയാൽ മാത്രമേ പെരിങ്ങൽക്കുത്തിൽ ഉത്പാദനം കൂടുവാൻ സാധിക്കു എന്നാണ് അധികൃതർ അറിയിച്ചിട്ടുള്ളത്. പറമ്പിക്കുളം അലിയാർ പദ്ധതി എഗ്രിമെന്റ് പ്രകാരം നമുക്ക് തമിഴ് നാട്ടിൽനിന്നു ലഭിക്കേണ്ടുന്ന വെള്ളം ഇനിയും ലഭിച്ചിട്ടില്ല. എഗ്രിമെന്റ് പ്രകാരം ജൂലൈ മാസം ആരംഭിക്കുന്ന ആ വർഷംതന്നെ കണക്കാക്കിയാൽ സെപ്റ്റംബർ മാസം 1-ാം തീയതിക്കും ഫെബ്രുവരി മാസം 1-ാം തീയതിക്കും കേരള ഷോളയാറിൽ ഫുൾ റിസർവോയർ ലെവൽ നിലനിർത്തുവാൻ കഴിയുംവിധം തമിഴ്നാട് ഷോളിയാറിൽ നിന്ന് വെള്ളം വിട്ടു നൽകണമെന്നാണ് കരാർ. അതനുസരിച്ച് വെള്ളം വിടുന്നതിനു ഷെഡ്യൂൾ ക്രമീകരിക്കണമെന്ന് നമ്മൾ ആവശ്യപ്പെടുകയും ഉണ്ടായിട്ടുള്ളതുമാണ്. മാത്രമല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഈ വിവരം കാണിച്ച് തമിഴ്നാട് മുഖ്യമന്ത്രി ശ്രീ. കരുണാനിധിയോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ അത് പാലിക്കപ്പെടാത്ത സ്ഥിതിയാണ് ഇപ്പോൾ നിലവിലുള്ളത്. ഈ വെള്ളം ലഭ്യമാകാതെ പെരിങ്ങൽക്കുത്തിലെ ഉല്പാദനം വർദ്ധിപ്പിച്ചാൽ നേരത്തെ സൂചിപ്പിച്ചതുപോലെ പെരിങ്ങൽക്കുത്തിലെ റിസർവോയറിലെ വെള്ളം പൂർണ്ണമായും തീരും എന്ന അവസ്ഥ വരും. ഇതു ഒഴിവാക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയും വിധമാണ് ഉല്പാദനം ക്രമീകരിച്ചിരിച്ചിട്ടുള്ളത്. ഇപ്പോൾ ഉണ്ടായിട്ടുള്ള ഈ പ്രത്യേക പ്രതിസന്ധി കാണിച്ച് തമിഴ്നാട് വൈദ്യുതി മന്ത്രിയ്ക്കും ഇറിഗേഷൻ മന്ത്രിയ്ക്കും ഞാൻ കത്തയക്കുകയും അവരുമായി ബന്ധപ്പെടുകയും ചെയ്തിട്ടുണ്ട്. ബോർഡിലെ ട്രാൻസ്മിഷൻ അംഗം തമിഴ്നാട്ടിൽപോയി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ചർച്ച നടത്തിയിട്ടുണ്ട്. സംസ്ഥാന ചീഫ് സെക്രട്ടറി തന്നെ തമിഴ്നാട് ചീഫ് സെക്രട്ടറിയെ ടെലിഫോണിൽ വിളിച്ച് ഈ കാര്യം ഗൗരവമായി ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. ഇറിഗേഷൻ സെക്രട്ടറിയും ബന്ധപ്പെട്ടിരുന്നു. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ വെള്ളം ലഭിക്കാത്ത സാഹചര്യത്തിലെ പ്രയാസം ആ പ്രദേശത്തെ ജനങ്ങളിൽ വളരെയേറെ വിഷമം സൃഷ്ടിച്ചിട്ടുണ്ട്. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഇതു പ്രകാരം, ഏതു രൂപത്തിൽ, യുദ്ധകാലാടിസ്ഥാനത്തിൽ, പരിഹരിക്കുവാൻ കഴിയുമെന്നുള്ള കാര്യം ഒന്നുകൂടി ഈ സാഹചര്യങ്ങൾ പരിഗണിച്ച് ചിന്തിച്ച് തീരുമാനമെടുക്കുന്നതാണ്.

(33) ഊർങ്ങാട്ടിരി പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾ

ശ്രീ. ഇസ്ഹാക് കുരിക്കൾ : എന്റെ നിയോജക മണ്ഡലത്തിലെ ഊർങ്ങാട്ടിരി പഞ്ചായത്തിൽ പദ്ധതി വിഹിതം ചെലവാക്കുവാൻ സർക്കാരിൽ നിന്ന് താല്ക്കാലികമായ നിരോധന ഉത്തരവ് ഉണ്ടായതുമൂലം ആ പഞ്ചായത്തിലെ ജനങ്ങൾ വളരെയധികം കഷ്ടതകൾ അനുഭവിക്കുകയാണ്. വനിതാ പഞ്ചായത്ത് പ്രസിഡന്റ് അടക്കമുള്ളവർ ഇന്നലെ തലസ്ഥാന നഗരിയിൽ ധർണ നടത്തുകയുണ്ടായി. കുടിയേറ്റ കർഷകരും ആദിവാസികളും അതുപോലെ ധാരാളം പട്ടികജാതി കോളനിയുമുള്ള ആ പ്രദേശത്ത് താൽക്കാലികമായി ഗവൺമെന്റ് ഏർപ്പെടുത്തിയ നിരോധന ഉത്തരവ് പിൻവലിച്ചുകൊണ്ട് ആ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ നടത്തുവാൻ ആവശ്യമായ അനുമതി നൽകണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) : സർ, മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിൽ ഗുരുതരമായ ക്രമക്കേടുകൾ നടന്നിട്ടുള്ളതായും പഞ്ചായത്ത് സെക്രട്ടറി പദ്ധതി രേഖ രണ്ടുവിധത്തിൽ അച്ചടിക്കുന്നതിന് കൂട്ടു നിന്ന് എന്നും പഞ്ചായത്ത് ഫണ്ട് ചെലവാക്കുന്നതിൽ ക്രമക്കേടുകൾ കാണിച്ചു എന്നും പ്രഥമദൃഷ്ട്യാ തെളിഞ്ഞിട്ടുണ്ട് എന്നുള്ള മലപ്പുറം ഡി. ഡി. യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1999-2000 വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ടതും ഇപ്പോൾ സ്പീൽഓവറിൽ നിൽക്കുന്നതുമായ പ്രവൃത്തികൾ ഒഴികെ 1999-2000 വർഷത്തിൽ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ പദ്ധതി വിഹിതം താല്ക്കാലികമായി നിർത്തിവയ്ക്കുവാൻ 8-9-1999-ൽ സർക്കാർ ഉത്തരവ് കൊടുത്തു. അതിനെ സംബന്ധിച്ച് സമഗ്രമായി പരിശോധിച്ച് റിപ്പോർട്ട് തരുന്നതിനുവേണ്ടി കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് കിട്ടിയാൽ അതിന്റെ അടിസ്ഥാനത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly